പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7523 — 14.07.2014- ൽ മറുപടിക്ക്

## കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം

ചോദ്യം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കുട്ടികൾക്ക് ആനുകൂല്യം നൽകിയെന്ന് വ്യക്തമാക്കുമോ; | (എ) | 2013-14 സാമ്പത്തിക വർഷം മാർച്ച് 31 ന് മുമ്പ് 202 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനുള്ള അനുമതി നൽകുകയും നാളിതുവരെ 159 സർജറികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 43 സർജറികൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) | ഇതിൽ എത്ര കുട്ടികൾക്ക് കേൾവി ശക്തിയും സംസാര ശേഷിയും ലഭ്യമായെന്ന് വിശദമാക്കാമോ? | (ബി) | കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിക്കു ശേഷം ചുരുങ്ങിയത് രണ്ട് വർഷക്കാലത്തേക്കെങ്കിലും ഓഡിറ്ററി വെർബൽ ഹബിലിറ്റേഷൻ തെറാപ്പി ക്രമേണ കുട്ടിക്ക് നൽകിയാൽ മാത്രമെ സംസാരശേഷി വീണ്ടെടുക്കാൻ സാധിക്കുകയുള്ളൂ. ഇതിനുള്ള സൗകര്യം സർജറി ചെയ്യുന്ന ആശുപത്രികളിലും തിരുവനന്തപുരത്തുള്ള നിഷിലും (NISH) ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ